**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T4947** **01.07.2013 ൽ മറുപടിക്ക്**

## ആറന്മുള വിമാനത്താവള നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമാനത്താവളം ആരംഭിക്കുന്നതിന് ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികളാണ് വേണ്ടതെന്നും ഈ നിബന്ധനകൾ പ്രകാരം ആറന്മുള വിമാനത്താവളത്തിൽ ഏതെല്ലാം അനുമതികൾ ലഭിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം അനുമതികൾ ലഭിക്കാനുമുണ്ടെന്നവിവരം വെളിപ്പെടുത്തുമോ; | (എ) | വിമാനത്താവളം ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതിക്ക് പുറമേ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, കേന്ദ്ര സിവിൽ വ്യോമയാന വകുപ്പ്, ഡി.ജി.സി.എ, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നി വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികളാണ് പ്രധാനമായും ആവശ്യമുള്ളത്. ആറന്മുള വിമാനത്താവളത്തിന് കേരള സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരവും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ NOC, കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം കേന്ദ്രവ്യോമയാന മന്ത്രാലയത്തിന്റെ Site Clearance; എന്നിവ ലഭിച്ചിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി പദ്ധതിക്ക് ലഭിച്ചിട്ടില്ല. |
| (ബി) | ആറന്മുള വിമാനത്താവളത്തിൽ ഏറ്റവും പ്രധാനപ്പെട്ട പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ല എന്ന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ആറന്മുള വിമാനത്താവള നിർമ്മാണം സംസ്ഥാനം പാസ്സാക്കിയ നീർത്തടസംരക്ഷണ നിയമമുൾപ്പെടെ ഏതെങ്കിലും നിയമത്തിന്റെ ലംഘനമാണോ എന്ന് വെളിപ്പെടുത്തുമോ? | | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പാണ ഭൂരിഭാഗം നികത്തലും നടന്നിട്ടുള്ളത്. കേരള ലാൻഡ് കൺസർവൻസി ആക്ടിന്റെ ലംഘനവും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ